കെ.എസ്.ആർ.ടി.സി ജീവനക്കാരൻ പെരിയാറിൽ മുങ്ങിമരിച്ചു

ആലുവ: പെരിയാറിൽ കുളിക്കാനിറങ്ങിയ കെ.എസ്.ആർ.ടി.സി ജീവനക്കാരൻ മുങ്ങിമരിച്ചു. ആലുവ യു.സി കോളജ് കടൂപ്പാടം വയലക്കാട് താമസിക്കുന്ന കാട്ടിലപ്പറമ്പിൽ ഉമ്മറിന്റെ മകൻ നിസാർ ഉമ്മർ (38) ആണ് മരിച്ചത്. ഇന്ന് രാവിലെ മണപ്പുറം ശിവക്ഷേത്രത്തോട് ചേർന്നുള്ള സ്തൂപ കടവിൽ സുഹൃത്തുക്കൾക്കൊപ്പം കുളിക്കാനിറങ്ങിയതാണ്. അഗ്നി രക്ഷ സേനയെത്തി മൃതദേഹം കണ്ടെടുത്തു. കെ.എസ്. ആർ.ടി.സി ആലുവ റീജിയണൽ വർക്ക്ഷോപ്പ് ജീവനക്കാരനാണ്.

സ്ഥാപിതം
1964

സ്വതന്ത്രമണ്ഡപം

Independent Daily

പൂത്തോൾ, തൃശൂർ – 680004

സ്വതന്ത്രമണ്ഡപം
പത്രത്തിന്റെ
ഓൺലൈൻസന്ദർശിക്കുക
Visit
Swathanthra Mandapam Online
www.swathanthramandapam.com

www.swathanthramandapam.com വാല്യം: 62 ലക്കം: 156 2026 സെപ്തംബർ 11 വെള്ളി പേജ്: 2 വില: 1 രൂപ PHONE: 2384127, 2384558 E-mail: smdaily03@yahoo.co.in

'അമുസ്‌ലിം അംഗങ്ങളില്ലാത്ത വഖഫ് ബോർഡ് പ്രവർത്തനം മരവിപ്പിക്കേണ്ട'

തമിഴ്നാടിനെ പിന്തുണച്ച് കേരളവും

ന്യൂഡൽഹി: അമുസ്‌ലിംകളെ അംഗങ്ങളാക്കാത്തതിന് പ്രവർത്തനം മരവിപ്പിച്ച മദ്രാസ് ഹൈകോടതി വിധിക്കെതിരെ തമിഴ്നാട് വഖഫ് ബോർഡ് നടത്തുന്ന കേസിൽ കക്ഷി ചേരാൻ കേരള വഖഫ് ബോർഡ് സുപ്രീംകോടതിയിൽ അപേക്ഷ നൽകി. കേരളത്തിലെ ക്രിസ്ത്യൻ തീവ്രവാദ സംഘടനയായ 'കാസ' തമിഴ്നാട് ബോർഡിനെതിരെ കേസിൽ കക്ഷി ചേർന്നതിന് പിന്നാലെയാണ് തമിഴ്നാടിനെ പിന്തുണച്ച് കേരള വഖഫ് ബോർഡിന്റെ നീക്കം.

ഇടത് നിയന്ത്രണത്തിലുള്ള കേരള വഖഫ് ബോർഡ് പിരിച്ചുവിടാൻ സംസ്ഥാന സർക്കാർ ആലോചിക്കുന്നുവെന്ന റിപ്പോർട്ടുകൾക്കിടെ സമർപ്പിച്ച അപേക്ഷ തമിഴ്നാടിന്റെ കേസ് ഒക്ടോബറിലേക്ക് മാറ്റിയതിനാൽ ഇനി അതിനൊപ്പം മാത്രമേ പരിഗണിക്കൂ. തമിഴ്നാട് വഖഫ് ബോർഡിന്റെ നിലപാടിനെ പിന്തുണച്ച് സമർപ്പിച്ച അപേക്ഷയിൽ 11 അംഗങ്ങൾ തികച്ചില്ലെങ്കിലും അഞ്ച് അംഗങ്ങൾ മിനിമം ഉണ്ടെങ്കിലും ബോർഡിന് തീരുമാനമെടുത്തു മുന്നോട്ടുപോകാമെന്ന് പുതിയ വഖഫ് നിയമത്തിൽ വ്യവസ്ഥകളുണ്ടായിരിക്കേ രണ്ട് അമുസ്‌ലിംകൾ ഇല്ലാത്തതിന്റെ പേരിൽ വഖഫ് ബോർഡ് പ്രവർത്തനം സ്റ്റേ ചെയ്യാനാവില്ലെന്ന് ബോർഡ് ബോധിപ്പിച്ചു.

വഖഫ് ബോർഡിൽ ഒഴിവുകൾ നിലനിൽക്കുന്നതോ ബോർഡ് പൂർണമായിട്ടില്ലെന്നതോ അതിന്റെ അധികാരങ്ങളും പ്രവർത്തനങ്ങളും തടയാനുള്ള കാരണമല്ലെന്ന് ചെയർമാൻ കെ.എസ് ഹംസ ന്യൂഡൽഹിയിൽ 'മാധ്യമ'ത്തോടു പറഞ്ഞു. തമിഴ്നാടിന്റെ ഇതേ നിയമപ്രശ്നമാണ് കേരള വഖഫ് ബോർഡും നേരിടുന്നതെന്ന് പറഞ്ഞ ഹംസ എന്നാൽ ഷോൺ ജോർജും 'കാസ'യും സ്വീകരിച്ച നിലപാടാണ് കേരള സർക്കാർ കൈക്കൊള്ളുന്നതെന്ന് ആരോപിച്ചു.

കേരള വഖഫ് ബോർഡിന്റെ പ്രവർത്തനത്തിലെ വീഴ്ചയോ ക്രമക്കേടോ ചൂണ്ടിക്കാട്ടിയല്ല നിയന്ത്രണം ഏർപ്പെടുത്തിയതെന്നും, അംഗങ്ങളിലെ ഒഴിവുകൾ സംബന്ധിച്ച സാങ്കേതിക പ്രശ്നമാണ് നിലവിലെ പ്രതിസന്ധിക്ക് കാരണമെന്നും അഡ്വ. കെ.ആർ. സുഭാഷ് ചന്ദ്രൻ മുഖേന സമർപ്പിച്ച അപേക്ഷയിൽ ബോധിപ്പിച്ചു.

ബോർഡിന്റെ ഘടന പൂർണമല്ലെന്ന് ചൂണ്ടിക്കാട്ടിയാണ് മദ്രാസ് ഹൈകോടതി തമിഴ്നാട് വഖഫ് ബോർഡിന്റെ പ്രവർത്തനങ്ങൾക്ക് വിലക്കേർപ്പെടുത്തിയത്. തുടർന്ന് തമിഴ്നാട് വഖഫ് ബോർഡ് സുപ്രീംകോടതിയെ സമീപിച്ചപ്പോൾ മദ്രാസ് ഹൈകോടതിയുടെ വിലക്ക് സ്റ്റേ ചെയ്തു. എന്നാൽ, രണ്ട് അമുസ്‌ലിംകൾ ഇല്ലാത്ത ബോർഡ് അപൂർണമാണെന്ന് കാണിച്ച് ജൂലൈ 15ന് കേരള ഹൈകോടതി കേരള വഖഫ് ബോർഡിന് നയപരമായ തീരുമാനങ്ങൾ എടുക്കുന്നതിനും മൂലധനച്ചെലവ് നടത്തുന്നതിനും വിലക്കേർപ്പെടുത്തി.

രാജ്യവ്യാപകമായി ഇന്ന് ബാങ്ക് പണിമുടക്ക്; എ.ടി.എം, യു.പി.ഐ സേവനങ്ങൾ ലഭ്യമാകും

തൃശ്ശൂർ: ആഴ്ചയിൽ അഞ്ച് പ്രവൃത്തി ദിനങ്ങൾ പ്രഖ്യാപിക്കണമെന്നതടക്കമുള്ള ആവശ്യങ്ങൾ ഉന്നയിച്ച് രാജ്യവ്യാപകമായി ബാങ്ക് ജീവനക്കാർ ഇന്ന് പണിമുടക്കുന്നു. പണിമുടക്കിന് ശേഷം രണ്ടാം ശനിയും ഞായറാഴ്ചയും വന്നതിനാൽ തുടർച്ചയായി മൂന്ന് ദിവസങ്ങളിൽ ബാങ്ക് ശാഖകളുടെ പ്രവർത്തനം തടസ്സപ്പെടും. തിങ്കളാഴ്ച വിനായക ചതുർത്ഥി പ്രമാണിച്ച് വിവിധ സംസ്ഥാനങ്ങളിൽ ബാങ്ക് അവധിയുള്ളതിനാൽ ചിലയിടങ്ങളിൽ അവധി നാല് ദിവസമായി നീളും. എന്നാൽ ബാങ്ക് ശാഖകൾ അടഞ്ഞു കിടക്കുമെങ്കിലും എ.ടി.എം, യു.പി. (UPI), നെറ്റ് ബാങ്കിങ് ഉൾപ്പെടെയുള്ള ഡിജിറ്റൽ സാമ്പത്തിക ഇടപാടുകൾ തടസ്സമില്ലാതെ ലഭ്യമാകുമെന്ന് അധികൃതർ അറിയിച്ചു.

സ്വർണ വില പവന് കുറഞ്ഞത് 1,920 രൂപ

തൃശ്ശൂർ: സംസ്ഥാനത്ത് സ്വർണ വിലയിൽ വൻ ഇടിവ് രേഖപ്പെടുത്തി. ഗ്രാമിന് 240 രൂപയും പവന് 1,920 രൂപയുമാണ് ഒറ്റയടിക്ക് കുറഞ്ഞത്.ഇതോടെ 22 കാരറ്റ് ഒരു ഗ്രാം സ്വർണത്തിന് 14,051 രൂപയിലും പവന് 1,12,120 രൂപയിലുമാണ് വിപണിയിൽ വ്യാപാരം നടക്കുന്നത്.

റെയ്ഡിനിടെ നൽകിയ മൊഴി മാറ്റാനാകില്ല; ഹസൻ വാരിസിനെതിരെ തെളിവുണ്ടെന്ന് ഇ.ഡി



COCHIN ZONAL OFFICE, KOCHI
RETRACTION AFFIDAVIT filed by [redacted]

I was interrogated by the Officers of the Enforcement Directorate on 18.08.2026 and they obtained a statement on the same day and my signature was taken on that statement.

I hereby retract the above statement dated 18-08-2026 on the following grounds:-

1.The ED officers at the very inception of my interrogation were [illegible] and insisting that I should make statements to the effect that Mr. P. A. Mohamed Riyas has delivered to me huge amounts and that at his instructions I have transferred such funds to Dubai through non-banking channels in illegal manner to one Mr. Faijaz.

3. I hereby submit that I have not received any amount from P. A. Mohammed Riyas or from any of his relatives to be transferred to Dubai, United Arab Emirates. I have not transferred any amounts at the instruction of Mr. PA Mohammed Riyas to any person at any point of time.

4. I was threatened by the ED officers that if I refuse to make such statement and sign in the statement as instructed by them, my younger daughter who is studying for B.Arch and just aged 22 will be harassed and will be made a co-accused for allegedly transferring funds

മുഹമ്മദ് റിയാസിനെതിരെ ഹസൻ വാരിസ് നൽകിയ മൊഴി പിൻവലിക്കാനാവില്ലെന്ന് ഇ.ഡി. റെയ്ഡിന്റെ സമയത്ത് നൽകുന്ന മൊഴി പിൻവലിക്കാനാവില്ല. പിടിച്ചെടുക്കുന്ന രേഖകളെ സാധൂകരിക്കാനാണ് മൊഴി. വിചാരണ സമയത്ത് മാത്രമേ പിന്മാറാനാകൂ. ഹസൻ വാരിസിനെതിരെ തെളിവുണ്ടെന്നും മുഹമ്മദ് റിയാസിനെതിരെ കൂടുതൽ മൊഴിയുണ്ടെന്നും ഇ.ഡി. അതേസമയം ഇ.ഡി ഭീഷണിപ്പെടുത്തി മൊഴിയെടുത്തെന്നാണ് വാരിസിന്റെ ആരോപണം.

തെളിവായി വീണയുടെ വാട്സാപ് ചാറ്റുകൾ; സന്ദേശങ്ങളിൽ സാമ്പത്തിക ഇടപാട് വ്യക്തമെന്ന് ഇ.ഡി

ഹവാല ഇടപാടിന് തെളിവായി ഇ.ഡി ഉയർത്തുന്ന മൊഴികൾ തള്ളി മുഹമ്മദ് റിയാസിൻറെ സുഹൃത്ത് ഹസൻ വാരിസ്. മകളെയും ഭാര്യയെയും കേസിൽപ്പെടുത്തുമെന്ന് ഭീഷണിപ്പെടുത്തിയാണ് മൊഴി വാങ്ങിയതെന്നുകാട്ടി ഇ.ഡിക്ക് ഹസൻ കത്ത് നൽകിയത്. മൂന്നാഴ്ച മുൻപു നൽകിയ കത്ത് പുറത്തുവന്നു. മുഹമ്മദ് റിയാസിന്റെ ഹവാല ഇടപാടിന് തെളിവായി ഡി.ജി.പിക്ക് നൽകിയ കത്തിൽ ഇ.ഡി ഉയർത്തുന്ന തെളിവുകളിലൊന്ന് പണം കടത്തിയ ഹസൻ വാരീസ് കുറ്റം സമ്മതിച്ചെന്ന മൊഴിയാണ്. ഈ തെളിവിന്റെ വിശ്വാസ്യതക്ക് നേരെ ചോദ്യം ഉയർത്തുന്നതാണ് വാരീസ് മൊഴി തിരുത്താനായി ഇ.ഡിക്ക് നൽകിയ അപേക്ഷ.

റിയാസ് പണം കടത്തിയെന്ന് മൊഴി നൽകാൻ ഇ.ഡി ഉദ്യോഗസ്ഥർ നിർബന്ധിച്ചു. പറ്റില്ലെന്ന് പറഞ്ഞപ്പോൾ 22 വയസുള്ള മകളെയും ഭാര്യയേയും അറസ്റ്റ് ചെയ്യുമെന്ന് ഭീഷണിപ്പെടുത്തി. ഇതോടെയാണ് റിയാസിനെതിരെ മൊഴി നൽകിയതെന്നാണ് ഹസൻ വാരീസ് പറയുന്നത്. ഓഗസ്റ്റ് 18നാണ് വാരീസിന്റെ വീട്ടിൽ റെയ്ഡ് നടന്നതും മൊഴിയെടുത്തതും. അതിന്റെ രണ്ടാം ദിവസം, ഓഗസ്റ്റ് 20ന് തന്നെ മൊഴി തിരുത്താൻ കത്ത് നൽകി. ഇതോടെ ഡി.ജി.പിക്ക് നൽകിയ കത്തിലെ വിവരങ്ങൾ പുറത്തുവന്ന ശേഷമുള്ള പ്രതിരോധ നീക്കമല്ല ഹസൻ വാരിസിന്റെ അപേക്ഷയെന്ന് വ്യക്തമാണ്.

അതേസമയം കേസെടുക്കാൻ സർക്കാരിനെ സമ്മർദത്തിലാക്കിയാണ് ഇ.ഡിയുടെ കത്ത്. നടപടി വൈകിയാൽ തെളിവ് നശിപ്പിക്കലായി കണക്കാക്കാമെന്നും ഡി.ജി.പി പോലും നടപടി നേരിടേണ്ടിവരുമെന്നുമാണ് സുപ്രീംകോടതി ഉത്തരവുകൾ സാക്ഷ്യപ്പെടുത്തി ഇ.ഡി മുന്നറിയിപ്പ് നൽകുന്നത്. കേസെടുക്കാൻ തന്നെയാണ് സർക്കാരിൻറെയും തീരുമാനം. നിയമോപദേശം ലഭിച്ച ശേഷം പ്രാഥമിക അന്വേഷണം വേണോ, പിണറായി ഉൾപ്പടെയുള്ളവരെ പ്രതിചേർക്കണോ എന്ത് വകുപ്പുകൾ പോലുള്ള കാര്യങ്ങൾ തീരുമാനിക്കും.

'നടപടികൾ വേഗത്തിലാക്കണം, നിങ്ങൾ കരാറിൽ ഒപ്പിട്ടതാണ്'; പിഎം ശ്രീയിൽ സംസ്ഥാനത്തിന് വീണ്ടും കത്തയച്ച് കേന്ദ്രം

തിരു: പിഎം ശ്രീ പദ്ധതി നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാർ വീണ്ടും സംസ്ഥാന സർക്കാരിന് കത്തയച്ചു. കേന്ദ്ര വിദ്യാഭ്യാസ സെക്രട്ടറിയാണ് സംസ്ഥാന ചീഫ് സെക്രട്ടറിക്ക് കത്തയച്ചത്. രണ്ട് ദിവസം മുമ്പ് കത്ത് ലഭിച്ചതായി വിദ്യാഭ്യാസ മന്ത്രി എൻ. ഷംസുദ്ദീൻ സ്ഥിരീകരിക്കുകയും ചെയ്തു. കേരളം ധാരണാപത്രത്തിൽ ഒപ്പിട്ടതാണെന്നും മന്ത്രിസഭാ ഉപസമിതിയുടെ നടപടികൾ വേഗത്തിലാക്കണമെന്നും കേന്ദ്രം ആവശ്യപ്പെട്ടിട്ടുണ്ട്.

പദ്ധതി നടപ്പാക്കുന്നത് സംബന്ധിച്ച് ഉടൻ തീരുമാനമെടുക്കണം. എന്നാലേ തുടർനടപടികൾ മുന്നോട്ട് കൊണ്ടുപോകാൻ കഴിയുകയുള്ളൂവെന്ന് കേന്ദ്ര വിദ്യാഭ്യാസ സെക്രട്ടറി കത്തിൽ ചൂണ്ടിക്കാട്ടിയതായി ഷംസുദ്ദീൻ പറഞ്ഞു. കത്തിൽ എന്ത് മറുപടി നൽകണമെന്നത് യുഡിഎഫ് നേതൃത്വവും മുഖ്യമന്ത്രി അടക്കമുള്ളവരും ചർച്ച ചെയ്ത് തീരുമാനമെടുക്കുമെന്നും മന്ത്രി പറഞ്ഞു.

യുഡിഎഫ് സർക്കാർ അധികാരത്തിലേറിയതിന് ശേഷം പിഎം ശ്രീയുമായി ബന്ധപ്പെട്ട് കേന്ദ്രത്തിന്റെ രണ്ടാമത്തെ കത്താണിത്. പി.എം.ശ്രീ പദ്ധതി സംസ്ഥാനത്ത് നടപ്പാക്കരുതെന്നാണ് കഴിഞ്ഞദിവസം ചേർന്ന കോൺഗ്രസ് നേതൃയോഗത്തിൽ ആവശ്യമുയർന്നത്. കേന്ദ്രസർക്കാരിന്റെ രാഷ്ട്രീയ അജൻഡ സംസ്ഥാനങ്ങളിൽ നടപ്പാക്കാനുള്ള പരോക്ഷ ശ്രമമാണിതെന്ന് മാത്യു കുഴൽനാടൻ, പി.എം. നിയാസ്, എ.എ. ഷുക്കൂർ തുടങ്ങിയവർ ചൂണ്ടിക്കാട്ടി.

മുൻ സർക്കാർ കരാർ ഒപ്പിട്ട കാര്യം ഓർമ്മിപ്പിച്ച മുഖ്യമന്ത്രി സ്കൂൾ, കരിക്യുലം എന്നിവ തിരഞ്ഞെടുക്കുന്നതിൽ സംസ്ഥാന സർക്കാർ വിട്ടുവീഴ്ച ചെയ്യില്ലെന്ന് വ്യക്തമാക്കി. നടപ്പാക്കിയില്ലെങ്കിൽ മറ്റുപല ഫണ്ടുകളും കേന്ദ്രം തടയുമെന്നതാണ് സ്ഥിതി. കോൺഗ്രസ് ഭരിക്കുന്ന മറ്റുസംസ്ഥാനങ്ങളിൽ പി.എം.ശ്രീ. നടപ്പാക്കിയതും മുഖ്യമന്ത്രി ചൂണ്ടിക്കാട്ടി. മന്ത്രിസഭാ ഉപസമിതി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലേ തുടർ നടപടിയുണ്ടാകൂവെന്നും അദ്ദേഹം പറഞ്ഞു.

ഒറ്റ ദിവസം സീൽ ചെയ്തത് 54 ജുവലറികൾ; കോടിക്കണക്കിന് രൂപയുടെ സ്വർണവും വെള്ളിയും അകത്ത്; കാരണം

ന്യൂഡൽഹി: 54 ജുവലറികൾക്ക് പൂട്ടിട്ട് മുനിസിപ്പൽ കോർപ്പറേഷൻ. ചാന്ദിനി ചൗക്കിലെ കടകളാണ് ഡൽഹി മുനിസിപ്പിൽ കോർപ്പറേഷൻ സീൽ ചെയ്തത്. ജുവലറികളുടെ ബേസ്മെന്റുകൾ അനധികൃതമായി ഉപയോഗിക്കുന്നത് ചൂണ്ടിക്കാട്ടിയാണ് നടപടി.

ഒരേസമയമാണ് എല്ലാ കടകളിലും കോർപ്പറേഷൻ ഉദ്യോഗസ്ഥരെത്തിയത്. സീൽ ചെയ്യുന്നതിന് മുൻപ് കടകളിൽ നോട്ടീസ് പതിപ്പിച്ചതായി വ്യാപാരികൾ പറഞ്ഞു. എന്നാൽ മുൻകൂട്ടി അറിയിക്കാതെയാണ് നടപടിയെന്നാണ് വ്യാപാരികൾ ആരോപിക്കുന്നത്. പൂട്ടിയ കടകളിൽ കോടികൾ വിലമതിക്കുന്ന ആഭരണങ്ങളും സ്വർണക്കട്ടികളുമുണ്ടെന്നും ഇവ സംരക്ഷിക്കുന്നത് സംബന്ധിച്ച് കോർപ്പറേഷൻ നടപടി സ്വീകരിക്കണമെന്നും വ്യാപാരികൾ ആവശ്യപ്പെട്ടു.

വൈദ്യുതി മുടക്കം: അത്ഭുതം പ്രവർത്തിച്ച് പരിഹരിക്കാനൊക്കില്ലെന്ന് മന്ത്രി; 'നിയന്ത്രണം നിർബന്ധം, ജനം സഹകരിക്കണം

തിരുവനന്തപുരം: കടുത്ത ചൂടും ഉപഭോഗത്തിലെ അപ്രതീക്ഷിത വർധനയും കാരണം വൈദ്യുതി നിയന്ത്രണം ഏർപ്പെടുത്താൻ നിർബന്ധിതരായിരിക്കുകയാണെന്ന് വൈദ്യുതി മന്ത്രി സണ്ണി ജോസഫ്. പെട്ടെന്ന് സ്വിച്ചിട്ട് പരിഹരിക്കാവുന്നതോ അത്ഭുതങ്ങൾ സംഭവിക്കുന്നതോ ആയ ഒരു സാഹചര്യമല്ല നിലവിലുള്ളത്. എവിടെനിന്നും വൈദ്യുതി വാങ്ങാൻ സർക്കാർ തയാറാണെന്നും അതിനുള്ള സാധ്യതകൾ തേടിക്കൊണ്ടിരിക്കുകയാണെന്നും മന്ത്രി വ്യക്തമാക്കി.

കഴിഞ്ഞ വർഷം ഇതേ സമയത്തുണ്ടായിരുന്നതിനേക്കാൾ കൂടുതൽ വൈദ്യുതി ഉപഭോഗമാണ് ഇത്തവണ രേഖപ്പെടുത്തിയിരിക്കുന്നത്. നിലവിൽ 1000ത്തിലധികം മെഗാവാട്ടിന്റെ അധിക ആവശ്യകതയാണ് സംസ്ഥാനത്ത് ഉള്ളത്. ആകെ ആവശ്യകത 4153 മെഗാവാട്ടിൽ എത്തിയിട്ടുണ്ടെന്നും മന്ത്രി ചൂണ്ടിക്കാട്ടി.

കഴിഞ്ഞ ദിവസം വൈദ്യുതി ബോർഡ് ചെയർമാനുമായും ബോർഡ് അംഗങ്ങളുമായും നടത്തിയ ചർച്ചയ്ക്ക് ശേഷമുള്ള പ്രതികരണത്തിലാണ് മന്ത്രി ഇക്കാര്യം അറിയിച്ചത്. എയർകണ്ടീഷനിങ് സംവിധാനങ്ങളുള്ള കെട്ടിടങ്ങളുടെ എണ്ണം ഗണ്യമായി വർധിച്ച സാഹചര്യമാണ്. ഇലക്ട്രിക് വാഹനങ്ങളുടെ ഉപയോഗം കൂടിയതും അവ രാത്രികാലങ്ങളിൽ ചാർജ് ചെയ്യുന്നതും പീക്ക് അവേഴ്സിലെ ഭാരം കൂട്ടിയെന്നും ചൂട് കാലാവസ്ഥ കാരണം രാപകൽ ഭേദമന്യേയുള്ള വൈദ്യുതി ഉപയോഗവും നിയന്ത്രണത്തിന് നിർബന്ധിതരാക്കിയെന്നും അദ്ദേഹം പറഞ്ഞു.

ഉൽപാദനക്കുറവും പ്രതിസന്ധിയുടെ ആഴം കൂട്ടുന്നുണ്ട്. കേരളം സ്വന്തമായി ഉൽപാദിപ്പിക്കുന്നത് വൈദ്യുതി ആവശ്യകതയുടെ 25 ശതമാനം മാത്രമാണ്. ഇടുക്കി ജലവൈദ്യുത പദ്ധതിയാണ് ഇതിൽ പ്രധാന ആശ്രയം. എന്നാൽ പുതിയ ജലവൈദ്യുത പദ്ധതികൾ തുടങ്ങുന്നതിന് നിലവിൽ ബുദ്ധിമുട്ടുകൾ നേരിടുന്നുണ്ട്. കൂടംകുളം ആണവനിലയത്തിൽ നിന്നും വൈദ്യുതി വാങ്ങുന്നുണ്ടെങ്കിലും കേരളത്തിൽ ചില കോണുകളിൽ നിന്ന് അതിനെതിരെ എതിർപ്പുകൾ ഉയരുന്നത് തടസ്സമാണ്. ജനങ്ങളുടെ പ്രയാസങ്ങൾ പൂർണമായി മനസ്സിലാക്കുന്നുണ്ടെന്നും ഈ പ്രതിസന്ധി ഘട്ടത്തിൽ ജനങ്ങളുടെ ഭാഗത്തുനിന്ന് പൂർണമായ സഹകരണമുണ്ടാകണമെന്നും മന്ത്രി സണ്ണി ജോസഫ് അഭ്യർത്ഥിച്ചു.

പവർ എക്സ്ചേഞ്ചിൽ നിന്ന് വൈദ്യുതി കിട്ടുന്നില്ലെന്നതാണ് പ്രതിസന്ധിക്ക് കാരണമെന്ന് കെഎസ്ഇബി ചെയർമാൻ എം.ജി രാജമാണിക്യം വ്യക്തമാക്കി. ഇന്നലെ 700 മെഗാവാട്ട് കുറവാണുണ്ടായത്. 5008 മെഗാവാട്ടായിരുന്നു പീക്ക് അവറിലെ ആവശ്യകത. വൈദ്യുതി നിയന്ത്രണ അറിയിപ്പ് രജിസ്റ്റർ ചെയ്ത നമ്പറിൽ എസ്എംഎസ് ആയി വരുമെന്നും രാജമാണിക്യം പറഞ്ഞു. രാത്രികാല വൈദ്യുതി നിയന്ത്രണം ഇന്നലെയും ജനത്തെ ബുദ്ധിമുട്ടിലാക്കിയിരുന്നു.

ബസ് ഡ്രൈവർമാർ റോഡിലെ തമ്പുരാക്കന്മാരല്ലെന്ന് ഹൈക്കോടതി

കൊച്ചി: ബസ് ഡ്രൈവർമാർ റോഡിന്റെ തമ്പുരാക്കന്മാരല്ലെന്ന് ഹൈകോടതി. ഭാരവാഹനം ഓടിക്കുന്നുവെന്നതിനാൽ അങ്ങനെയൊരു അർഥമില്ല. ഭാരവാഹനങ്ങൾ ആവശ്യമാണെന്നതിൽ തർക്കമില്ല. എന്നാൽ, ആളെ ക്കൊല്ലാനും പരിക്കേൽപ്പിക്കാനും അവകാശമുള്ളവരെ പോലെ അതിലെ ഡ്രൈവർമാർ പെരുമാറരുത്.

സമയത്തിന്റെ കാരണം പറഞ്ഞ് തന്നിഷ്ട പ്രകാരമാണ് ഇവർ വാഹനമോടിക്കുന്നത്. റോഡിൽ കാൽനടക്കാർക്കും ചെറിയ വാഹനങ്ങൾക്കും രക്ഷയില്ലാത്ത അവസ്ഥയാണ്. ഇടതുവശത്തുകൂടെ വാഹനമോടിക്കണമെന്ന് നിയമമുള്ള നാട്ടിൽ സ്വകാര്യ ബസുകൾക്ക് എങ്ങനെയാണ് തോന്നുംപടി ഓവർടേക്ക് ചെയ്യാൻ കഴിയുക?. നഗരത്തിലെ അപകടങ്ങൾക്ക് കാരണം അമിതവേഗമല്ല, അശ്രദ്ധയാണ്. അശ്രദ്ധമായ ഡ്രൈവിങ് മൂലമുള്ള അപകടങ്ങളും കഴിഞ്ഞ ദിവസം ബസ് ജീവനക്കാരൻ കാർ തടഞ്ഞുനിർത്തി അതിക്രമം കാട്ടിയതുമടക്കം ചൂണ്ടിക്കാട്ടിയാണ് ജസ്റ്റിസ് ദേവൻ രാമചന്ദ്രന്റെ വിമർശനം.

അശ്രദ്ധമൂലം എത്രയോ അപകടങ്ങളാണുണ്ടാകുന്നത്. ദേശീയപാതയിൽ 8കുട്ടികൾ മരിച്ചു. മാന്യമായ ഡ്രൈവിംഗ് സംസ്കാരമുണ്ടാകണം. കുട്ടികളും പ്രായമേറിയവരുമടക്കം വീട്ടിൽ നിന്നിറങ്ങുന്ന നമ്മളെല്ലാരും മടങ്ങിയെത്തണമെന്നാണ് ആഗ്രഹം. റോഡ് സുരക്ഷക്ക് സ്വീകരിക്കുന്ന നടപടികൾ സംബന്ധിച്ച് കഴിഞ്ഞ വർഷം ജൂലൈയിൽ അസി. കമീഷണർ കോടതിയിൽ നൽകിയ റിപ്പോർട്ട് പ്രകാരമുള്ള നടപടികളുടെ സ്ഥിതി എന്താണെന്ന് കോടതി ചോദിച്ചു.

ബസ് ജീവനക്കാർക്ക് പൊലീസ് വെരിഫിക്കേഷനും സ്വഭാവ സർട്ടിഫിക്കറ്റും നിയമ ലംഘനങ്ങൾ സംബന്ധിച്ച് അറിയിക്കാൻ ബസുകളിൽ വാട്സാപ് നമ്പർ, ഇൻറലിജൻറ് ട്രാഫിക് മാനേജ്മെൻറ് സിസ്റ്റം തുടങ്ങിയ നിർദേശങ്ങൾ നടപ്പാക്കിയോ എന്ന് കോടതി ചോദിച്ചു. നിർദേശങ്ങൾ നടപ്പാക്കാത്തതിൽ അതൃപ്തി പ്രകടിപ്പിച്ച കോടതി, റിപ്പോർട്ട് പ്രകാരം സ്വീകരിച്ച നടപടികൾ സംബന്ധിച്ച് റിപ്പോർട്ട് നൽകാൻ പൊലീസ് കമീഷണർക്ക് നിർദേശം നൽകി. റിപ്പോർട്ടിൽ പറഞ്ഞ കാര്യങ്ങൾ നടപ്പാക്കാനും നിർദേശിച്ചു.

മഹാരാഷ്ട്രയിൽ വാഹനാപകടം: കുട്ടികളടക്കം 8 പേർക്ക് ദാരുണാന്ത്യം

മഹാരാഷ്ട്ര ഭണ്ഡാരയിൽ വാഹനാപകടത്തിൽ 8 മരണം. മരിച്ചവരിൽ 3 കുട്ടികളും. മൂന്നു പേർക്ക് പരുക്കേറ്റു.

മഹാരാഷ്ട്ര ഭണ്ഡാരയിൽ വാഹനാപകടത്തിൽ 8 മരണം. മരിച്ചവരിൽ 3 കുട്ടികളും. മൂന്നുപേർക്ക് പരുക്കേറ്റു. നാഗ്പൂർ റായ്പൂർ ദേശീയപാതയിൽ ട്രക്കും വാനും കൂട്ടിയിടിച്ചാണ് അപകടം. അപകടത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദി അനുശോചിച്ചു.

അപകടവിവരമറിഞ്ഞ ഉടൻ തന്നെ പൊലീസും പ്രദേശവാസികളും സ്ഥലത്തെത്തി രക്ഷാപ്രവർത്തനം നടത്തി. വാഹനങ്ങൾ കൂട്ടിയിടിച്ചതിനെ തുടർന്ന് ദേശീയപാതയിൽ ഗതാഗത തടസ്സമുണ്ടായി.

ആവശ്യമുണ്ട്

പുതുക്കാട് പ്രവർത്തിക്കുന്ന ബേക്കറിയിലേക്ക് ലൈവായി പലഹാരങ്ങൾ ഉണ്ടാക്കുവാൻ ആളെ ആവശ്യമുണ്ട്.

ഉടൻ ബന്ധപ്പെടുക.

അൽജോ ബേക്കറി & കഫേ

ബസാർറോഡ്, പുതുക്കാട്

20 എണ്ണം 'എയർകേരള'യ്ക്ക്; റഷ്യയിൽനിന്ന് 105 വിമാനങ്ങൾ വാങ്ങാൻ ഇന്ത്യൻ കമ്പനികൾ

ന്യൂഡൽഹി: റഷ്യയിൽനിന്ന് ആഭ്യന്തര സർവീസുകൾക്കുള്ള "Il-114-300' യാത്രാവിമാനങ്ങൾ വാങ്ങാൻ ഇന്ത്യൻ കമ്പനികൾ. ന്യൂഡൽഹിയിൽ നടന്ന 'ഇന്നോപ്രോം' പ്രദർശനത്തോടനുബന്ധിച്ചാണ് 105 പ്രാദേശിക യാത്രാവിമാനങ്ങൾ നൽകാൻ ധാരണയായത്. 68 പേർക്കുവരെ സഞ്ചരിക്കാനാകുന്ന ചെറുവിമാനങ്ങളാണ് ഈ ശ്രേണിയിൽ വരിക. വിമാനം വാങ്ങുന്ന വ്യോമയാന കമ്പനികളിൽ എയർ കേരളയും ഉൾപ്പെടുന്നതായി ഇന്ത്യ ടുഡേ റിപ്പോർട്ട് ചെയ്തു.

റഷ്യൻ സ്റ്റേറ്റ് കോർപ്പറേഷനായ റോസ്റ്റെക്കിന്റെ ഭാഗമായ യുണൈറ്റഡ് എയർക്രാഫ്റ്റ് കോർപ്പറേഷനാണ് (യുഎസി) ഈ വിമാനങ്ങൾ ഇന്ത്യയ്ക്ക് നൽകുന്നത്. ഇന്ത്യയിലെ പ്രാദേശിക വ്യോമയാന ശൃംഖലയും സേവനങ്ങളും ശക്തിപ്പെടുത്തുകയാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്.

പ്രഖ്യാപിച്ച കരാറുകൾ പ്രകാരം ഏറ്റവും കൂടുതൽ വിമാനങ്ങൾ ലഭിക്കുന്നത് പിനാക്കിൾ എയറിനാണ്. 50 വിമാനങ്ങളാണ് ഇവർ വാങ്ങുന്നത്. വ്യോമയാന കമ്പനിയായ എയർ കേരളയ്ക്ക് 20 വിമാനങ്ങൾ ലഭിക്കും. സ്ലീക്ക് ഏവിയേഷനുമായി 35 വിമാനങ്ങൾക്കുള്ള കരാറുമാണ് ഉണ്ടാക്കുന്നത്. ഇതോടെ മൂന്ന് കരാറുകളിലുമായി ആകെ വിമാനങ്ങളുടെ എണ്ണം 105 ആയി.

ചെറിയ റൺവേകളും പരിമിതമായ അടിസ്ഥാന സൗകര്യങ്ങളുമുള്ള ചെറു വിമാനത്താവളങ്ങളിൽനിന്ന് സർവീസ് നടത്താൻ സാധിക്കുന്ന രീതിയിലാണ് ഇല്യൂഷിൻ ഏവിയേഷൻ കോംപ്ലക്സ് രൂപകൽപ്പന ചെയ്ത ഈ റഷ്യൻ ടർബോപ്രോപ്പ് വിമാനം നിർമിച്ചിരിക്കുന്നത്.

രണ്ട് TV7-117ST-01 എൻജിനുകൾ ഉപയോഗിച്ച് പ്രവർത്തിക്കുന്ന ഈ വിമാനത്തിൽ 68 യാത്രക്കാർക്കുവരെ സഞ്ചരിക്കാനും പരമാവധി യാത്രക്കാരുമായി ഏകദേശം 1,400 കിലോമീറ്റർ ദൂരം വരെ പറക്കാനും സാധിക്കും. ചെറിയ നഗരങ്ങളെയും പട്ടണങ്ങളെയും തമ്മിൽ ബന്ധിപ്പിക്കുന്ന ഇന്ത്യയുടെ 'ഉഡാൻ' പദ്ധതിക്ക് ഈ വിമാനങ്ങൾ മുതൽക്കൂട്ടാകുമെന്ന് യുഎസി വ്യക്തമാക്കി.

നിര്യാതനായി

സി എസ് അജയകുമാർ (62)

ചിറ്റിക്കാപ്പിൽ വീട്
ഗോസായിക്കുന്ന്, കുരിയച്ചിറ

Managing Director Ajay & Co. Jewellery Manufacturers, Thrissur
& Former President of JMA Kerala

സംസ്കാരം ഇന്ന് (11–09–2026, വെള്ളിയാഴ്ച)
ഉച്ചതിരിഞ്ഞ് 2 മണിക്ക് ചെറുതുരുത്തി ശാന്തിതീരത്ത് വെച്ച്

ഭാര്യ: സിനി അജയകുമാർ
മക്കൾ: സി എ ഹരികൃഷ്ണൻ, സി എ ലക്ഷ്മി, സി എ കൈലാസ്നാഥ്.
മരുമക്കൾ: റിയ ഹരികൃഷ്ണൻ, നരേഷ്കുമാർ കെ ആർ
സഹോദരങ്ങൾ: പ്രസന്ന, ശിവദാസൻ, അംബിക രാജൻ,
പേരക്കുട്ടികൾ: ഇഷാൻ കൃഷ്ണ കെ എൻ, റയാൻ കൃഷ്ണ കെ എൻ, സി എച്ച് അയാൻ

RNI No. 7675/1964, Edited, Printed & Published by A. Mohammed at Mangalodayam Printers Printers, Thrissur-4

കാലാവധി കഴിഞ്ഞ സൗന്ദര്യ വർദ്ധക വസ്തു, ചോദ്യം ചെയ്ത വീട്ടമ്മയോട് 'എന്നാൽ പോയി കേസ് കൊട്' എന്ന്, വില 175 രൂപയും 15000 രൂപയും നൽകുവാൻ വിധി

മേലാൽ വ്യക്തവും മാഞ്ഞു പോകാത്തതുമായ ബില്ലുകൾ നല്കണം

തൃശൂർ: കാലാവധി കഴിഞ്ഞ സൗന്ദര്യ വർദ്ധക വസ്തു വില്പന നടത്തിയെന്നാരോപിച്ച് ഫയൽ ചെയ്ത ഹർജിയിൽ നഷ്ടം നൽകുവാൻ വിധി. തിരൂർ പോട്ടോരിലുള്ള കേശവം റസിഡൻസിയിൽ താമസിച്ചു വരുന്ന വീട്ടമ്മയായ സിന്ധു അശോക് കുമാർ ഫയൽ ചെയ്ത ഹർജിയിലാണ് തൃശൂർ തിരൂരുള്ള റോസ് മരിയ ഫാൻസി ഉടമക്കെതിരെ ഇപ്രകാരം വിധിയായത്. ഹർജിക്കാരി 175 രൂപ നൽകി, യാർഡ്‌ലി ലണ്ടൻ ഇംഗ്ലീഷ് ബ്ളോസ്സം എന്ന ഉല്പന്നമാണ് വാങ്ങിയത്. 2023 മാർച്ച് 19ന് വാങ്ങിയ ഉല്പന്നത്തിന്റെ കാലപരിധി 2022 ഡിസംബർ 12ന് തീർന്നതായിരുന്നു. പരാതിപ്പെട്ടപ്പോൾ വേണമെങ്കിൽ പോയി കേസ് കൊടുക്ക് എന്ന മോശമായ മറുപടിയാണ് ലഭിച്ചത്. തന്നെയുമല്ല എതിർകക്ഷി സ്ഥാപനം നൽകിയ ബിൽ മാഞ്ഞു പോകുന്ന അവസ്ഥയിലുമായിരുന്നു. തുടർന്ന് ഹർജി ഫയൽ ചെയ്യുകയാണുണ്ടായത്. തെളിവുകൾ പരിഗണിച്ച പ്രസിഡണ്ട് സി.ടി.സാബു, മെമ്പർമാരായ ശ്രീജ.എസ്., ആർ.റാം മോഹൻ എന്നിവരടങ്ങിയ തൃശൂർ ഉപഭോക്തൃ കോടതി എതിർകക്ഷിയുടെ പ്രവൃത്തി സേവനത്തിലെ വീഴ്ചയും അനുചിത ഇടപാടുമാണെന്ന് വിലയിരുത്തി ഹർജിക്കാരിക്ക് ഉല്പന്നത്തിന്റെ വില 175 രൂപയും നഷ്ടപരിഹാരമായി 10000 രൂപയും ചിലവിലേക്ക് 5000 രൂപയും നൽകണമെന്നും വ്യക്തതയുള്ളതും മാഞ്ഞു പോകാത്തതുമായ ബിൽ നൽകണമെന്നും വിധിയിൽ പറയുന്നു. ഹർജിക്കാരിക്ക് വേണ്ടി അഡ്വ.ഏ.ഡി.ബെന്നി ഹാജരായി വാദം നടത്തി.

നിങ്ങളുടെ ആരോഗ്യം നിങ്ങളുടെ കൈകളിൽ വനിതകൾക്കായി ആരോഗ്യ സെമിനാർ

മലപ്പുറം: വെസ്റ്ററീജ് സെന്റർ വളാഞ്ചേരിയിൽ വനിതകൾക്കായി സംഘടിപ്പിച്ച 'നിങ്ങളുടെ ആരോഗ്യം നിങ്ങളുടെ കൈകളിൽ' എന്ന ആരോഗ്യ സെമിനാർ സാമൂഹിക പ്രവർത്തകൻ കരീം പന്നിത്തടം ഉദ്ഘാടനം ചെയ്തു.

കോഡിനേറ്റർ സലീന പാലാറ അധ്യക്ഷത വഹിച്ചു.പ്രൊഫ.ഡോ:സുരേഷ് കെ.ഗുപ്തൻ ആരോഗ്യ ബോധവത്കരണ ക്ലാസെടുത്തു.ഡോ:മുംതാസ് ബീഗം മുഖ്യാതിഥിയായിരുന്നു.കെ.കെ.ജുമൈല പദ്ധതി വിശദീകരണം നടത്തി.

അധ്യാപക വിദ്യാർത്ഥി അനുപാതം പരിഷ്ക്കരണ നടപടികൾ വേഗത്തിലാക്കണം: കേരള സ്കൂൾ ടീച്ചേഴ്സ് ഫ്രണ്ട്

ഡൊമിനിക്ക് പാറേക്കാട്ട്

ഫെറിൻ ജേക്കബ്

തൃശ്ശൂർ : തസ്തിക നിർണയത്തിന്റെ അടിസ്ഥാനമായ അധ്യപക വിദ്യാർത്ഥി അനുപാതം പരിഷ്ക്കരിക്കുന്നതിന്റെ നടപടിക്രമങ്ങൾ വേഗത്തിലാക്കി അധ്യാപകരുടെ ജോലി സ്ഥിരത ഉറപ്പാക്കണമെന്ന് കെ. എസ്. ടി.എഫ് തൃശൂർ ജില്ല നേതൃസമ്മേളനം ആവശ്യപ്പെട്ടു. കേരള കോൺഗ്രസ് ജില്ലാ പ്രസിഡന്റ് സി.വി. കുരിയാക്കോസ് നേതൃയോഗം ഉദ്ഘാടനം ചെയ്തു. ജില്ലാ പ്രസിഡന്റ് ഡൊമിനിക്ക് പാറേക്കാടൻ അധ്യക്ഷത വഹിച്ചു. സംസ്ഥാന വൈസ് പ്രസിഡന്റ് കെ.ജെ. മേജോ മുഖ്യപ്രഭാഷണം നടത്തി.

കേരള കോൺഗ്രസ് ഭാരവാഹികളായ സി.ജെ വിൻസെന്റ്, സി. ടി. ബാബു, ജോസഫ് കാരക്കട, എം എൻ ഗോപി, വി ടി ബിജു എന്നിവർ സംസാരിച്ചു. കെ എസ് ടി എഫ് ജില്ലാ ഭാരവാഹികളായി ഡൊമിനിക്ക് പാറേക്കാടൻ (പ്രസിഡന്റ്), പി.സി വർഗീസ്, ബിന്ദു ഇട്ടൂപ്പ്, (വൈസ് പ്രസിഡന്റ്) ഫെറിൻ ജേക്കബ് (ജനറൽ സെക്രട്ടറി) ദീപക്. വി. ഡൊമിനിക്., സ്വപ്ന ജോയ്, (ജോയിൻ സെക്രട്ടറി) ടി.കെ. ഡെൽജോ (ട്രഷറർ)സീസ്ഥാന കമ്മിറ്റി അംഗങ്ങളായി കെ.ജെ. മേജോ ,ജൂഡി ഇഗ്നേഷ്യസ്,ജിമ്മി ടി.ജെ,ജോബി പുല്ലോക്കാരൻ, കെ. എസ്. യമുന എന്നിവരെ തിരഞ്ഞെടുത്തു.

കേരള സ്റ്റേറ്റ് ടീച്ചേഴ്സ് ഫ്രണ്ട് കെ എസ് ടി എഫ് ജില്ലാ നേതൃ സംഗമം കേരള കോൺഗ്രസ് ജില്ലാ പ്രസിഡണ്ട് സി വി കുര്യാക്കോസ് ഉദ്ഘാടനം ചെയ്യുന്നു.

നിര്യാതയായി
മേഗി

വളർക്കാവ് : യുണൈറ്റഡ് ബസാർ, ഗാനം തിയറ്ററിനു എതിർവശം പരേതനായ ഇമ്മട്ടി ഡേവി ഭാര്യ മേഗി (73) നിര്യാതയായി. സംസ്കാര ശുശ്രൂഷ നാളെ ശനിയാഴ്ച ഉച്ചതിരിഞ്ഞ് 3 മണിക്ക് മകൻ സന്തോഷിന്റെ ഭവനത്തിൽ ആരംഭിച്ചു 5 മണിക്ക് പറവട്ടാനിയിലുള്ള ക്രിസ്ത്യൻ ബ്രദർ ചർച്ച് സെമിത്തേരിയിൽ അടക്കം ചെയ്യുന്നതായിരിക്കും .

മക്കൾ: സന്തോഷ് (KMJ ജ്വല്ലറി എടപ്പാൾ, അസിസ്റ്റൻറ് മാനേജർ), രാജേഷ് (ഡെയ്സിൽ ഫുഡ് പ്രോഡക്ട്സ് മാനേജിംഗ് ഡയറക്ടർ, മസ്കറ്റ്.) മരുമക്കൾ : ജിഷ, ജൂബി.

തൃശ്ശൂർ സുവോളജിക്കൽ പാർക്കിലെ 'നന്ദു' എന്ന കടുവയ്ക്ക് ദയാവധം

തൃശ്ശൂർ സുവോളജിക്കൽ പാർക്കിൽ പരിചരണത്തിലായിരുന്ന 'നന്ദു' എന്ന ആൺകടുവയുടെ ദയാവധം നടത്തി. വയനാട്ടിൽ നിന്ന് രക്ഷപ്പെടുത്തി പുത്തൂരിലെ തൃശ്ശൂർ സുവോളജിക്കൽ പാർക്കിൽ എത്തിച്ച നന്ദുവിന് വായയിൽ ക്യാൻസർ സ്ഥിരീകരിച്ചിരുന്നു. വിദഗ്ദ്ധ വെറ്ററിനറി ഡോക്ടർമാരുടെ മേൽനോട്ടത്തിൽ ചികിത്സ നൽകിയിരുന്നെങ്കിലും രോഗം മൂർച്ഛിക്കുകയും കടുവയ്ക്ക് ഭക്ഷണം കഴിക്കാൻ പോലും സാധിക്കാത്ത വിധം ആരോഗ്യനില വഷളാവുകയും ചെയ്തു. രോഗത്തിന്റെ തീവ്രത മൂലം കടുവ അനുഭവിച്ച കടുത്ത വേദന കണക്കിലെടുത്തും, ആരോഗ്യനിലയിൽ പുരോഗതിക്ക് സാധ്യതയില്ലെന്ന വെറ്ററിനറി വിദഗ്ദ്ധരുടെ വിലയിരുത്തലിന്റെ അടിസ്ഥാനത്തിലും, ചീഫ് വൈൽഡ് ലൈഫ് വാർഡന്റെ ഉത്തരവ് പ്രകാരമാണ് ദയാവധം നടത്തിയത്. തുടർന്ന് മണ്ണുത്തി വെറ്ററിനറി സർവകലാശാലയിൽ പോസ്റ്റ് മോർട്ടം നടപടികൾ പൂർത്തിയാക്കിയ ശേഷം, മൃതദേഹം മാനദണ്ഡങ്ങൾ പാലിച്ച് തൃശ്ശൂർ സുവോളജിക്കൽ പാർക്ക് വളപ്പിൽ സംസ്കരിച്ചു.

ട്രെയിൻ യാത്രക്കാർക്ക് എട്ടിന്റെ പണി! ഇന്നുമുതൽ മൂന്നുദിവസം 120 ട്രെയിനുകൾക്ക് നിയന്ത്രണം

ന്യൂഡൽഹി: 18-ാമത് ബ്രിക്സ് ഉച്ചകോടിക്ക് ന്യൂഡൽഹി ആതിഥേയത്വം വഹിക്കുന്ന പശ്ചാത്തലത്തിൽ സുരക്ഷയുടെ ഭാഗമായി ട്രെയിൻ ഗതാഗതത്തിൽ വൻ നിയന്ത്രണം. രാജധാനി, തേജസ്, വന്ദേ ഭാരത് തുടങ്ങിയ പ്രീമീയം ട്രെയിനുകളടക്കം 120-ഓളം ട്രെയിൻ സർവിസുകളുടെ സമയം പുനഃക്രമീകരിക്കുകയോ, വഴിതിരിച്ചുവിടുകയോ, സർവിസുകൾ ഭാഗികമായി റദ്ദാക്കുകയോ ചെയ്തിട്ടുണ്ട്. ഇന്നുമുതൽ സെപ്റ്റംബർ 13 വരെ ന്യൂഡൽഹി കേന്ദ്രീകരിച്ചുള്ള റെയിൽവേ സർവിസുകളിലാണ് മാറ്റങ്ങളും ഏർപ്പെടുത്തിയത്.

സുരക്ഷാ മുൻകരുതലുകളുടെ ഭാഗമായി ഡൽഹി പോലീസ് നൽകിയ നിർദ്ദേശത്തെ തുടർന്നാണ് നോർത്തേൺ റെയിൽവേ മൂന്ന് ദിവസത്തെ ട്രെയിൻ നിയന്ത്രണം പ്രഖ്യാപിച്ചത്. ഇന്ത്യ നാലാം തവണ അധ്യക്ഷത വഹിക്കുന്ന ബ്രിക്സ് ഉച്ചകോടി സെപ്റ്റംബർ 12, 13 തീയതികളിലാണ് ന്യൂഡൽഹിയിൽ നടക്കുന്നത്.

വഴിതിരിച്ചുവിടുന്ന സർവീസുകൾ: ന്യൂഡൽഹിയിൽ നിന്ന് പുറപ്പെടുന്ന റാഞ്ചി, ദിബ്രുഗഢ്, സീൽദാ, ഹൗറ, ഭുവനേശ്വർ രാജ്ധാനി എക്സ്പ്രസുകൾ, സംപൂർണ ക്രാന്തി എക്സ്പ്രസ്, ഗോമതി എക്സ്പ്രസ്, ശ്രമജീവി എക്സ്പ്രസ് തുടങ്ങിയ പ്രമുഖ ദീർഘദൂര സർവീസുകൾ ഡൽഹി ജംഗ്ഷൻ, സാഹിബാബാദ്, ദില്ലി ഷാഹ്ദര തുടങ്ങിയ ബദൽ പാതകൾ വഴിയായിരിക്കും സർവിസ് നടത്തുക.

വൈകുന്ന ?ട്രെയിനുകൾ: ബനാറസ് - ന്യൂഡൽഹി വന്ദേ ഭാരത് എക്സ്പ്രസ്, തിരുവനന്തപുരം - ന്യൂഡൽഹി കേരള എക്സ്പ്രസ്, കർണാടക എക്സ്പ്രസ്, ഗ്രാൻഡ് ട്രങ്ക് എക്സ്പ്രസ്, അമൃത ഭാരത്, തമിഴ്നാട് എക്സ്പ്രസ്, വിവിധ തേജസ് രാജ്ധാനി സർവീസുകൾ എന്നിവ നിശ്ചിത സമയങ്ങളിൽ വഴിയിൽ പിടിച്ചിടുകയോ പുറപ്പെടുന്ന സമയം വൈകുകയോ ചെയ്യും.

റദ്ദാക്കുന്നവയും സർവീസ് ചുരുക്കുന്നതും: ഗാസിയാബാദ്, പാൽവൽ, ഷാകുർ ബസ്തി, തിലക് ബ്രിഡ്ജ് എന്നീ മേഖലകളെ ബന്ധിപ്പിക്കുന്ന നിരവധി എമു, മെമു പാസഞ്ചർ സർവീസുകൾ പൂർണ്ണമായി റദ്ദാക്കുകയോ യാത്ര ഇടയ്ക്കുവെച്ച് അവസാനിപ്പിക്കുകയോ ചെയ്യും.

തുല്യതാ കോഴ്സുകൾ: അപേക്ഷിക്കാനുള്ള തീയതി നീട്ടി

തൃശ്ശൂർ: സംസ്ഥാന സാക്ഷരതാ മിഷൻ നടത്തുന്ന നാല്, ഏഴ്, പത്ത്, ഹയർ സെക്കന്ററി തുല്യതാ കോഴ്സുകളിലേക്ക് രജിസ്റ്റർ ചെയ്യാനുള്ള തീയതി സെപ്റ്റംബർ 25 വരെ നീട്ടി. പത്താംതരം തുല്യതാ കോഴ്സ് വിജയിക്കുന്നവർക്ക് എസ്.എസ്.എൽ.സി പാസാകുന്നവരെ പോലെ ഉന്നത പഠനത്തിനും പ്രൊമോഷനും പി.എസ്.സി നിയമനത്തിനും അർഹതയുണ്ടായിരിക്കും. മേയ് ഒന്നിന് 17 വയസ് പൂർത്തിയായവർക്ക് പത്താംതരം തുല്യതയ്ക്ക് അപേക്ഷിക്കാം. 2020 വരെയുള്ള കാലയളവിൽ എസ്.എസ്.എൽ.സി എഴുതി പരാജയപ്പെട്ടവർക്കും ചേരാവുന്നതാണ്. 100 രൂപ രജിസ്ട്രേഷൻ ഫീസ് ഉൾപ്പെടെ 1950 രൂപയാണ് കോഴ്സ് ഫീസ് (എസ്.സി/എസ്.ടി വിഭാഗക്കാർ 100 രൂപ അടച്ചാൽ മതി).

പത്താം ക്ലാസ് പാസായി മേയ് ഒന്നിന് 22 വയസ് പൂർത്തിയായവർക്ക് ഹയർ സെക്കൻഡറി തുല്യതയ്ക്ക് (ഹ്യുമാനിറ്റീസ്, കൊമേഴ്സ്) അപേക്ഷിക്കാം. 300 രൂപ രജിസ്ട്രേഷൻ ഫീസ് ഉൾപ്പെടെ 2600 രൂപയാണ് കോഴ്സ് ഫീസ്. എസ്.സി/എസ്.ടി വിഭാഗക്കാർക്ക് 300 രൂപ രജിസ്ട്രേഷൻ ഫീസ് മാത്രം മതിയാകും. 40 ശതമാനത്തിൽ കൂടുതൽ ഭിന്നശേഷിയുള്ളവർക്കും ട്രാൻസ്ജെൻഡർ പഠിതാക്കൾക്കും കോഴ്സ് ഫീസില്ല. കൂടാതെ, ട്രാൻസ്ജെൻഡർ വിഭാഗത്തിൽപ്പെട്ടവർക്ക് പഠനകാലയളവിൽ പത്താം ക്ലാസ് തുല്യതയ്ക്ക് പ്രതിമാസം 1000 രൂപയും ഹയർ സെക്കൻഡറിക്ക് 1250 രൂപയും സ്കോളർഷിപ്പ് ലഭിക്കും. അപേക്ഷകൾ kslma.keltron.in, www.literacymissionkerala.org എന്നീ വെബ്സൈറ്റുകൾ വഴി ഓൺലൈനായി സമർപ്പിക്കാം.

വിശദവിവരങ്ങൾക്ക് തൃശ്ശൂർ ജില്ലാ പഞ്ചായത്ത് ഓഫീസിൽ പ്രവർത്തിക്കുന്ന ജില്ലാ സാക്ഷരതാ മിഷൻ ഓഫീസുമായോ തദ്ദേശ സ്ഥാപനങ്ങളിലെ പ്രേരക്മാരുമായോ ബന്ധപ്പെടുക. ഫോൺ: 0487 2365024, 9496877913, 7558941039.

എറിയാട് ഗ്രാമപഞ്ചായത്തിൽ സുനാമി മോക്ക് ഡ്രിൽ സെപ്റ്റംബർ 15ന്

തൃശൂർ: യുനെസ്കോ - ഐ.ഒ.സി സുനാമി റെഡി പ്രോഗ്രാമിന്റെ ഭാഗമായി സെപ്റ്റംബർ 15-ന് വൈകീട്ട് മൂന്നിന് എറിയാട് ഗ്രാമപഞ്ചായത്തിലെ ലൈറ്റ് ഹൗസ് ഭാഗത്തായി സുനാമി മോക്ക് ഡ്രിൽ നടത്തും. ഇതിന് മുന്നോടിയായി വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് ടേബിൾ ടോപ്പ് എക്സർസൈസ് (ആലോചനായോഗം) നടത്തി. ദുരന്ത നിവാരണ ഡെപ്യൂട്ടി കളക്ടർ കെ. എസ്. നസിയ യോഗം ഉദ്ഘാടനം ചെയ്തു. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കെ. പി. രാജൻ അധ്യക്ഷത വഹിച്ചു.

സുനാമി റെഡി പ്രോഗ്രാമിനെക്കുറിച്ചും മോക്ക് ഡ്രില്ലിന്റെ അടിസ്ഥാന വിവരങ്ങളെക്കുറിച്ചും ജില്ലാ ഹസാർഡ് അനലിസ്റ്റ് ഡെസ്സി ഡേവിസ് അവതരണം നടത്തി. തുടർന്ന്, മോക്ക് ഡ്രിൽ നടത്തുന്നതിൽ വിവിധ വകുപ്പുകളുടെ ഉത്തരവാദിത്വങ്ങളെക്കുറിച്ചും, സുനാമി സാഹചര്യത്തിൽ സ്വീകരിക്കേണ്ട അടിയന്തര നടപടികൾ, ഒഴിപ്പിക്കൽ പാതകൾ, സുരക്ഷിത കേന്ദ്രങ്ങൾ എന്നിവ സംബന്ധിച്ചും വിശദമായ ചർച്ചയും സംയുക്ത സ്ഥലപരിശോധനയും നടന്നു.

യോഗത്തിൽ ജനപ്രതിനിധികളും വിവിധ വകുപ്പ് ഉദ്യോഗസ്ഥരും പങ്കെടുത്തു.

എടത്തിരുത്തി ഐ.ടി.ഐയിലെ പഴയ കെട്ടിടം ലേലം ചെയ്യുന്നു

തൃശൂർ:പട്ടികജാതി വികസന വകുപ്പിന് കീഴിൽ തൃശ്ശൂർ ജില്ലയിൽ പ്രവർത്തിക്കുന്ന എടത്തിരുത്തി ഐ.ടി.ഐയിലെ പഴയ ഓടിട്ട കെട്ടിടം പൊളിച്ചു നീക്കി ലേലം ചെയ്യുന്നു. സെപ്റ്റംബർ 23-ന് രാവിലെ 11-ന് എടത്തിരുത്തി ഐ.ടി.ഐയിലാണ് പരസ്യലേലം നടത്തുക. കൂടുതൽ വിവരങ്ങൾക്ക് പ്രവൃത്തി ദിവസങ്ങളിൽ എടത്തിരുത്തി ഐ.ടി.ഐയുമായി ബന്ധപ്പെടുക. ഫോൺ- 0480 2870252.

'സീതാസ്വയംവരം' കളിയരങ്ങ് ക്രൈസ്റ്റ് കോളേജിൽ

ഇരിങ്ങാലക്കുട: ഇരിങ്ങാലക്കുട കഥകളി ക്ലബ്ബിന്റെ സെപ്റ്റംബർ മാസത്തെ കഥകളി അരങ്ങ് 2026 സെപ്റ്റംബർ 12 രണ്ടാംശനിയാഴ്ച വൈകീട്ട് 5.30-ന് ഇരിങ്ങാലക്കുട ക്രൈസ്റ്റ് കോളേജ് ഓഡിറ്റോറിയത്തിൽ നടക്കും.

മുദ്ര അസോസിയേഷൻ ഫോർ ആർട്സ് ആൻഡ് കൾച്ചറിന്റെ പങ്കാളിത്തത്തോടെ 'സീതാസ്വയംവരം' ആട്ടക്കഥയാണ് ഈ മാസം അരങ്ങിലെത്തുന്നത്. ഇരിങ്ങാലക്കുട ക്രൈസ്റ്റ് കോളേജും ഐ.കെ.എസ്. (കഗട) സെല്ലും സംയുക്തമായാണ് ഈ സാംസ്കാരിക പരിപാടിക്ക് ആവശ്യമായ സഹകരണങ്ങൾ ഒരുക്കുന്നത്.

പ്രമുഖ കലാകാരന്മാർ അണിനിരക്കുന്ന ഈ കളിയരങ്ങിൽ ശ്രീരാമനായി കലാമണ്ഡലം വിഷ്ണുമോനും, സീതയായി കുമാരി കലാമണ്ഡലം റിയയും വേഷമിടും. ദശരഥനായി കലാമണ്ഡലം സായ് കാർത്തികും, ലക്ഷ്മണനായി കലാനിലയം അജയ് ശങ്കറും, പരശുരാമനായി കലാമണ്ഡലം ശബരിനാഥും രംഗത്തെത്തും.

ഹരിശങ്കർ കണ്ണമംഗലം, കലാമണ്ഡലം ശ്രീജിത്ത് മാരാർ എന്നിവരാണ് പിന്നണിയിൽ സംഗീതമൊരുക്കുന്നത്. ചെണ്ടയിൽ കലാമണ്ഡലം നിഥിൻ കൃഷ്ണ, കലാമണ്ഡലം സുഹാസ് എന്നിവരും മദ്ദളത്തിൽ കലാമണ്ഡലം നാരായണൻ, കലാനിലയം ശ്രീജിത്ത് എന്നിവരും അണിനിരക്കും.

കലാനിലയം വിഷ്ണു പ്രസാദാണ് ചുട്ടി വിഭാഗം കൈകാര്യം ചെയ്യുന്നത്. അണിയറ സഹായികളായി നെടുമുടി മധുസൂദനപ്പണിക്കർ, കലാമണ്ഡലം മനേഷ്, നാരായണൻ കുട്ടി എന്നിവരും ചമയങ്ങൾ ഇരിങ്ങാലക്കുട ശ്രീപാർവ്വതി കലാകേന്ദ്രവും നിർവ്വഹിക്കും.

രമേശൻ നമ്പീശൻ (പ്രസിഡണ്ട്, ഡോക്ടർ കെ. എൻ. പിഷാരടി സ്മാരക കഥകളി ക്ലബ്ബ്) അഡ്വക്കേറ്റ് രാജേഷ് തമ്പാൻ (സെക്രട്ടറി, ഡോക്ടർ കെ. എൻ. പിഷാരടി സ്മാരക കഥകളി ക്ലബ്ബ്)

കുന്നംകുളം തെക്കേപ്പുറം മാക്കാലിക്കാവ് ഭഗവതി ക്ഷേത്രത്തിൽ മോഷണം

കുന്നംകുളം: തെക്കേപ്പുറം മാക്കാലിക്കാവ് ഭഗവതി ക്ഷേത്രത്തിൽ വൻ കവർച്ച. ശ്രീകോവിലിലെ പഞ്ചലോഹ വിഗ്രഹമാണ് കവർന്നത്. ഇന്നലെ രാത്രിയാണ് മോഷണം നടന്നിട്ടുള്ളത്. 50 വർഷത്തിലധികം പഴക്കമുള്ള15 കിലോയോളം തൂക്കം വരുന്ന പഞ്ചലോഹ വിഗ്രഹമാണിത്. ഇന്ന് രാവിലെ ക്ഷേത്രം തുറക്കുന്നതിനായി ശാന്തിക്കാർ എത്തിയപ്പോഴാണ് മോഷണ വിവരം അറിയുന്നത്. കുന്നംകുളം പോലീസ് സ്ഥലത്തെത്തിയിട്ടുണ്ട്.

നിര്യാതനായി
സി.എസ് അജയകുമാർ

കുരിയച്ചിറ (തൃശ്ശൂർ): ചിറ്റിക്കാപ്പിൽ വീട്ടിൽ സുബ്രഹ്മണ്യൻ മകൻ അജയകുമാർ (62) നിര്യാതനായി. സംസ്കാരം ഇന്ന് (11.09.2026, വെള്ളിയാഴ്ച) ഉച്ചതിരിഞ്ഞ് 2മണിക്ക് ചെറുതുരുത്തി ശാന്തിതീരത്ത് വെച്ച്. ജെ എം എ കേരളയുടെ മുൻ പ്രസിഡന്റും തൃശൂർ അജയ് ആൻഡ് കൊ. ജ്വല്ലറി മാനുഫാക്ചറേഴ്സിന്റെ മാനേജിങ് ഡയറക്ടറുമാണ്.

ഭാര്യ സിനി അജയകുമാർ മക്കൾ: സി.എ. ഹരികൃഷ്ണൻ, സി.എ. ലക്ഷ്മി, സി.എ. കൈലാസ് നാഥ്.

മരുമക്കൾ : റിയ ഹരികൃഷ്ണൻ, നരേഷ്കുമാർ കെ.ആർ. സഹോദരങ്ങൾ: പ്രസന്ന ശിവദാസൻ, അംബിക രാജൻ.

വിയ്യൂർ ജില്ലാ ജയിലിൽ ക്ലൗഡ് കിച്ചൻ പരിശീലനം പൂർത്തിയാക്കിയ അന്തേവാസികൾക്ക് സർട്ടിഫിക്കറ്റ് വിതരണംചെയ്തു

തൃശ്ശൂർ: ജൻ ശിക്ഷൻ സൻസ്ഥാന്റെ നേതൃത്വത്തിൽ വിയ്യൂർ ജില്ലാ ജയിലിലെ അന്തേവാസികൾക്കായി സംഘടിപ്പിച്ച ക്ലൗഡ് കിച്ചൻ പരിശീലന കോഴ്സിന്റെ സർട്ടിഫിക്കറ്റ് വിതരണം പൂർത്തിയായി. ജില്ലാ ജയിൽ ഓഡിറ്റോറിയത്തിൽ നടന്ന പരിപാടി മധ്യമേഖലാ പ്രിസൺസ് ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ എസ്. സജീവ് ഉദ്ഘാടനം നിർവഹിച്ചു.

മധ്യമേഖലാ റീജിയണൽ വെൽഫെയർ ഓഫീസർ സന്തോഷ്. ടി.ജി അധ്യക്ഷത വഹിച്ചു. തൃശ്ശൂർ ജൻ ശിക്ഷൻ സൻസ്ഥാൻ ഡയറക്ടർ സുധ സോളമൻ മുഖ്യപ്രഭാഷണം നടത്തി. വിയ്യൂർ ജില്ലാ ജയിൽ സൂപ്രണ്ട് ആർ.പി രതീഷ്, അസിസ്റ്റന്റ് സൂപ്രണ്ട് ഗ്രേഡ് കക എം.ഡി ഫ്രാൻസിസ്, ടി.കെ സഖി, ഗാഥ തുടങ്ങിയവർ സംസാരിച്ചു.

'കുറ്റകൃത്യങ്ങളും നിയമ അവബോധവും: ഒരു പൗരൻ അറിയേണ്ട കാര്യങ്ങൾ' എന്ന വിഷയത്തിൽ അഡ്വ. എഡ്വിന ബെന്നി വിഷയാവതരണവും ക്ലാസും നയിച്ചു. അന്തേവാസികൾക്ക് സ്വയംതൊഴിൽ കണ്ടെത്താനും പുനരധിവാസത്തിനും സഹായകരമാകുന്ന രീതിയിലാണ് പരിശീലന പരിപാടി സംഘടിപ്പിച്ചത്.

ഹൃദയാഘാതം മൂലം മരിച്ചു

പുതുക്കാട്: നന്തിപുലം സ്വദേശി വടക്കൂടൻ കൃഷ്ണൻകുട്ടി മകൻ സുനിൽ (59) ഹൃദയാഘാതം മൂലം മരിച്ചു. ഭാര്യയും 2 മക്കളും ഉണ്ട്.

ആൽഫ പാലിയേറ്റീവ് കെയർ ഇരിഞ്ഞാലക്കുട ലിങ്ക് സെന്ററിൽ വേൾഡ് ഫിസിയോതെറാപ്പി ഡേ

ഇരിഞ്ഞാലക്കുട: ആൽഫ പാലിയേറ്റീവ് കെയർ ഇരിഞ്ഞാലക്കുട ലിങ്ക് സെന്ററിൽ world physiotherapy day യോട് അനുബന്ധിച്ച് ലിങ്ക് സെന്റർ പ്രസിഡന്റ് തോംസൺ വി. ജെയുടെ അധ്യക്ഷതയിൽ കെയർ ഗിവേഴ്സ് നെ ആദരിക്കുകയും, ജീവിതത്തിലേക്ക് തിരിച്ചുവന്നവർ അവരുടെ വിജയ കഥകൾ പങ്കവെക്കുകയുംചെയ്തു. ആൽഫ വെൽവിഷറായ P. B. Aseena teacher(state PTA award winner)സ്വീകരണം നൽകി. ചീഫ് physiotherapist ജിതിൻ മാത്യു യോഗം ഉദ്ഘാടനം ചെയ്തു. സെക്രട്ടറി സതീഷ് കെ സ്വാഗതവും treasurer പ്രമീള അശോകൻ, physio therapist arjun ashok ആശംസകൾ അർപ്പിക്കുകയും വൈസ് പ്രസിഡന്റ് പോൾ കെ. വി നന്ദിയും പറഞ്ഞു.

തുടർന്ന് സലീലൻ വെള്ളാനി അവതരിപ്പിക്കുന്ന ഗാനമേളയും ഉച്ചഭക്ഷണവും ഉണ്ടായിരുന്നു.

അങ്കണവാടികളിലേക്ക് പാൽ വിതരണം ചെയ്യുന്നതിന് ടെണ്ടർ ക്ഷണിച്ചു

തളിക്കുളം ശിശു വികസന പദ്ധതി ഓഫീസിന്റെ കീഴിലുള്ള വിവിധ അങ്കണവാടികളിലേക്ക് പാൽ വിതരണം ചെയ്യുന്നതിനായി വനിത ശിശുവികസന വകുപ്പ് ടെണ്ടർ ക്ഷണിച്ചു. 'പോഷകബാല്യം' പദ്ധതിയുടെ ഭാഗമായി വാടാനപ്പള്ളി, തളിക്കുളം, വലപ്പാട് എന്നീ മൂന്ന് പഞ്ചായത്തുകളിലെ അങ്കണവാടികളിലേക്ക് 2027 മാർച്ച് 31 വരെ ആഴ്ചയിൽ മൂന്ന് ദിവസം വീതം പാൽ വിതരണം ചെയ്യുന്നതിനാണ് ടെണ്ടർ. ഓരോ പഞ്ചായത്തിലേക്കും പ്രത്യേകമായാണ് ടെണ്ടർ സമർപ്പിക്കേണ്ടത്. ടെണ്ടർ ഫോമുകൾ സമർപ്പിക്കേണ്ട അവസാന തീയതി 2026 സെപ്റ്റംബർ 14 ഉച്ചയ്ക്ക് ഒന്ന് വരെയാണ്. കൂടുതൽ വിവരങ്ങൾക്ക് തൃപ്രയാർ മിനി സിവിൽ സ്റ്റേഷനിൽ പ്രവർത്തിക്കുന്ന തളിക്കുളം ഐ.സി.ഡി.എസ് ഓഫീസുമായി ബന്ധപ്പെടുക. ഫോൺ: 0487-2394522.

ഇരിങ്ങാലക്കുട കെ എസ് ആർ ടി സി ക്ക് ഒരു സ്റ്റേഷൻ മാസ്റ്റർ കൂടി

ഇരിങ്ങാലക്കുട: കെ എസ് ആർ ടി സിക്ക് പുതിയതായി ഒരു സ്റ്റേഷൻ മാസ്റ്ററെ കൂടി അനുവദിച്ച് ഉത്തരവായതായി അഡ്വ. തോമസ് ഉണ്ണിയാടൻ എം എൽ എ അറിയിച്ചു. ടി.എസ്. ഉണ്ണികുട്ടനെയാണ് ഇരിങ്ങാലക്കുട കെ എസ് ആർ ടി സി യിലെ രണ്ടാമത്തെ സ്റ്റേഷൻ മാസ്റ്ററായി സർക്കാർ നിയമിച്ചിട്ടുള്ളത്. കഴിഞ്ഞ മാസം 13ന് തിരുവനന്തപുരത്ത് തന്റെ നേതൃത്വത്തിൽ കെ എസ് ആർ ടി സി എം ഡിയും മറ്റ് ഉന്നത ഉദ്യോഗസ്ഥരും പങ്കെടുത്ത യോഗത്തിൽ എടുത്ത തീരുമാനപ്രകാരമാണ് ഈ നിയമനമെന്ന് എം എൽ എ പറഞ്ഞു. ഈ യോഗത്തിന് ശേഷം 15 പുതിയ ജീവനക്കാരെ കൂടി ഇരിങ്ങാലക്കുട കെ എസ് ആർ ടി സിയിലേക്ക് നിയമിച്ചതായും ബജറ്റ് ടൂറിസം വിഭാഗത്തിൽ കഴിഞ്ഞ മാസം വരുമാനത്തിൽ രണ്ടാം സംസ്ഥാനത്ത് ഇരിങ്ങാലക്കുടയാണെന്നും തോമസ് ഉണ്ണിയാടൻ എം എൽ എ പറഞ്ഞു.

തൃശ്ശൂർ സഹോദയ സ്കൂൾ അത്‌ലറ്റിക് മീറ്റിന് കുന്നംകുളത്ത് തുടക്കമായി

കുന്നംകുളം:. ഗുഡ് ഷെപ്പേർഡ് സി.എം.ഐ സ്കൂളിന്റെ ആഭിമുഖ്യത്തിൽ നടക്കുന്ന സഹോദയ അത്‌ലറ്റിക് മീറ്റ് കുന്നംകുളം സീനിയർ ഗ്രൗണ്ടിൽ നടത്തുന്നു. ഇന്നുമുതൽ മൂന്നു ദിവസങ്ങളിലായി നടക്കുന്ന മീറ്റ് 12ന് സമാപിക്കും. ജില്ലയിലെ 57 സിബിഎസ്ഇ സ്കൂളുകളിൽ നിന്നായി 44 മത്സര ഇനങ്ങളിൽ 1500 ൽ പരം വിദ്യാർത്ഥികൾ വിവിധ മത്സരങ്ങളിൽ പങ്കെടുക്കും. സീനിയർ ഗ്രൗണ്ടിൽ ഇന്ന് രാവിലെ നടന്ന ചടങ്ങിൽ SSCT സെക്രട്ടറി ഷെമീം ബാവ പതാക ഉയർത്തി. ഗുഡ് ഷെപ്പേർഡ് സ്കൂൾ പ്രിൻസിപ്പൽ റവ ഫാ ഡോ.ജോസ് താണിക്കൽ, ജില്ല അത് ലറ്റിക് അസോസിയേഷൻ സെക്രട്ടറി ഹരിദയാൽ തുടങ്ങിയവർ പങ്കെടുത്തു.

നാളെ രാവിലെ 9.30 ന് എ.സി മൊയ്തീൻ എം.എൽ.എ അത്‌ലറ്റിക് മീറ്റിന്റെ ഔദ്യോഗിക ഉദ്ഘാടനം നിർവഹിക്കും.

കോടതി പരസ്യം

ബഹു: ഇരിങ്ങാലക്കുട കുടുംബ കോടതി മുമ്പാകെ

OP 304/2025
IA 1/2026

ആൻസി. 26 വയസ്സ്, സ്വസ്ഥം. D/o. പൗലോസ്. വെളിയത്തുപറമ്പിൽ വീട്, കുമ്പിടി-അന്നമനട ദേശം, പൂവ്വത്തുശ്ശേരി P.O, PIN-680 741, ആലത്തൂർ വില്ലേജ്, ചാലക്കുടി താലൂക്ക്, തൃശ്ശൂർ ജില്ല

-ഹർജിക്കാരി

ജിസ്നോ വർഗ്ഗീസ്, 31 വയസ്സ്, വെൽഡർ, S/o. വർഗ്ഗീസ്, പള്ളിപാടൻ വീട്, കുന്നപ്പിള്ളി P.O, PIN-680 311, മേലൂർ വില്ലേജ്, ചാലക്കുടി താലൂക്ക്, തൃശ്ശൂർ ജില്ല

-എതൃകക്ഷി

മേൽ നമ്പറിൽ എതൃകക്ഷിക്കെതിരെയുള്ള ഹർജി ബഹു: കോടതിയിൽ **22-10-2026** തിയ്യതി രാവിലെ 11 മണിക്ക് വിചാരണയ്ക്ക് വെച്ചിട്ടുള്ളതാകുന്നു. മേൽ തിയ്യതി താങ്കൾ നേരിട്ടോ അഡ്വക്കേറ്റ് മുഖാന്തിരമോ ബഹു: കോടതി മുമ്പാകെ ഹാജരാകേണ്ടതാകുന്നു. അല്ലാത്തപക്ഷം മേൽ നമ്പർ ഹർജി താങ്കൾക്കെതിരെ ഉത്തരവാകുന്നതാകുന്നു.

31-08-2026

ഹർജിഭാഗം അഡ്വക്കേറ്റ്
ജീന.എ.സി (ഒപ്പ്)

അഡ്ഹോക്ക് ജില്ലാ ആസൂത്രണ സമിതി യോഗം സെപ്റ്റംബർ 14-ന്

തൃശൂർ: അഡ്ഹോക് ജില്ലാ ആസൂത്രണ സമിതി യോഗം സെപ്റ്റംബർ 14-ന് ഉച്ചയ്ക്ക് മൂന്നിന് ജില്ലാ ആസൂത്രണ ഭവൻ കോൺഫറൻസ് ഹാളിൽ ചേരും. 2026-27 വാർഷിക പദ്ധതി ഭേദഗതിക്ക് അംഗീകാരം നൽകൽ, ഹെൽത്ത് ഗ്രാന്റ് അംഗീകാരം തുടങ്ങിയ വിഷയങ്ങൾ യോഗത്തിൽ ചർച്ച ചെയ്യും.

കോടതി പരസ്യം

ബഹു. തൃശ്ശൂർ MACT മുമ്പാകെ

OP(MV): 1744/2020

മുഹമ്മദ് റഷീദ്

-ഹരജിക്കാരൻ

1) Aysha, W/o. Sulaiman P.A., Puthanpurayil House, P.O. Elanad, Thrissur
2) Anver, S/o. Sulaiman P.A., Puthanpurayil House, P.O. Elanad, Thrissur
3) The Manager, Liberty General Insurance Co. Mumbai

- എതൃകക്ഷികൾ

മേൽ നമ്പറിൽ 2-ാം എതൃകക്ഷി ഭാഗത്തുനിന്നും ബോധിപ്പിച്ച IA: 3/2023 നമ്പറിൽ 1ഉം 2ഉം എതൃകക്ഷിക്കുള്ള നോട്ടീസ് കോടതിയിലും വാസസ്ഥലത്തും പതിച്ചുനടത്തുവാൻ അനുവദിച്ച് മേൽ നമ്പർ കേസ് **18-09-2026** തിയ്യതിയിലേക്ക് വെച്ചിരിക്കുന്ന വിവരം ഇതിനാൽ അറിയിച്ചുകൊള്ളുന്നു. ടി ഹരജി കാര്യത്തിൽ എന്തെങ്കിലും ആക്ഷേപം ഉണ്ടെങ്കിൽ അന്നേദിവസം രാവിലെ 11 മണിക്ക് ബഹു. കോടതി മുമ്പാകെ ഹാജരായി ബോധിപ്പിക്കേണ്ടതാണെന്നും അല്ലാത്തപക്ഷം താങ്കളെ കൂടാതെ ഹരജി തീർപ്പ് കല്പിക്കുന്നതാണെന്നും അറിയിച്ചുകൊള്ളുന്നു.

എന്ന്, 1-9-2026
3-ാം എതൃകക്ഷി ഭാഗം
അഡ്വക്കെറ്റ്
മറിയാമ്മ കെ ഇട്ടൂപ്പ്
(ഒപ്പ്)